# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 3779 | 19.03.2018-ൽ<br>മറുപടിക്ക് |

**ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം വിപുലപ്പെടുത്തുവാൻ നടപടി**

| ചോദ്യം<br>**ശ്രീ.കെ. ദാസൻ** | ഉത്തരം<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
|---|---|
| എ) ക്ലബ്ബുകൾ, ലൈബ്രറികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും സൗകര്യം ഒരുക്കിയിട്ടുണ്ടോ; ; | എ) യും ബി) യും ക്ലബ്ബുകൾ, ലൈബ്രറികൾ , മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ രജിസ് ട്രേഷൻ നടത്തുന്നത് അതാതു ജില്ലാ രജിസ്ട്രാർ ഓഫീസുകൾ മുഖേനയാണ് . രജിസ് ട്രേഷൻ നടത്തുന്നതിനുവേണ്ടി,അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം രജിസ് ട്രേഷൻ വകുപ്പിന് കീഴിലുള്ള 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത എത്ര ശതമാനം ഓഫീസുകളിൽ ഇത്തരത്തിൽ ഓൺലൈൻ സൗകര്യം ഒരുക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | |
| സി) ഓൺലൈൻ സൗകര്യങ്ങൾ നിലവിൽ വരുന്നതിന് മുൻപ് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് വാർഷിക പുതുക്കലിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഈ വിഭാഗം സംഘടനകൾക്ക് കൂടി ഓൺലൈൻ സൗകര്യം വ്യാപിപ്പിച്ച് വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) ഓൺലൈൻ സൗകര്യങ്ങൾ നിലവിൽ വരുന്നതിനു മുൻപ് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് വാർഷിക പുതുക്കലിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |

**സെക്ഷൻ ഓഫീസർ**